## സർക്കുലർ

122/NSS/DHSE/2018 31/08/2018

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങൾക്ക് സ്കൂൾ തലത്തിൽ പ്രിൻസിപ്പൽമാരുടെയും അധ്യാപകരുടെയും പരിപൂർണ്ണ പിന്തുണയും സഹകരണവും അത്യാവശ്യമാണ്. സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്ന ഒരു മുഖ്യകണ്ണി എന്ന നിലയിൽ എൻ.എസ്.എസിന് വലിയ പ്രാധാന്യമാണ് ഉള്ളത്. എൻഎസ്എസിന്റെ ചരിത്ര പശ്ചാത്തലം സാമൂഹ്യ ഇടപെടൽ, തനതു വർഷത്തെ പ്രവർത്തനങ്ങൾ,കുട്ടികളുടെ തെരഞ്ഞെടുപ്പ്, അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്ന ഒരു കൈപുസ്തകം പ്രസിദ്ധീകരിക്കുന്നു. ഇത് ഓരോ യൂണിറ്റിലും പ്രോഗ്രാം ഓഫീസർമാരും പ്രിന്റ് എടുത്ത് ഒരു കോപ്പി യൂണിറ്റ് സർക്കുലർ ഫയലിലും ഒന്ന് പ്രിൻസിപ്പൽമാർക്ക് റഫറൻസിനും നൽകേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ

GOVT.OF KERALA

# NATIONAL SERVICE SCHEME

## *HIGHER SECONDARY EDUCATION, KERALA*

DIRECTORATE OF
HIGHER SECONDARY EDUCATION
KERALA

## *PROGRAMMES 2018-19*

# *HAND BOOK FOR PRINCIPALS OF NSS UNITS*

*Prepared by*
*Dr.Jacob John*
*Programme Co-ordinator*
*Nss Cell*
*Directorate of Higher Secondary Education*

## INTRODUCTION

National Service Scheme is the largest student Youth organization launched by the Govt. of India in the Birth Century year of Mahatma Gandhi. It gives a lot of exposure to the Volunteers by the way of participating in social service. It gives a sense of involvement in the tasks of National Development.

NSS provides platform for leadership practice, life – skill acquisition etc and help the volunteers learn how to live among others. Thus experience in NSS leads to construction of knowledge in the mind of the volunteer and helps to bring about positive change in social perspective, creative thinking and positive attitude making them self reliant, self confident and self respecting. Thus its programmes offer practical experience for personality development and character building emphasizing the emotional quotient of the Youth learner.

Directorate of Higher Secondary Education has1190 NSS units with a volunteer strength of 119000 spread across the State. Each volunteer performs 240 hours of social service in two years and attends a Special Camp of 7 days duration. They convene meeting, attend conference, participate National Integration camps and organize them.

Students at Higher Secondary level show great enthusiasm to join National Service Scheme. NSS Cell of the Director of Higher Secondary Education waits for further volunteer ship allocation from State/Central Government.

## History of National Service Scheme

In India, the idea of involving students in the task of national service dates back to the times of Mahatma Gandhi, the father of the nation. The central theme which he tried to impress upon his student audience time and again was that they should always keep before them, their social responsibility.

The University Grants Commission headed by Dr.S.Radhakrishnan recommended introduction of national service in the academic institutions on a voluntary basis with a view to developing healthy contacts between the students and teachers on the one hand and establishing a constructive linkage between the campus and the community on the other hand.

The idea was again considered by the Central Advisory Board of Education (CABE) at its meeting held in January, 1950. The Board recommended that students should devote some time to manual work on a voluntary basis and that the teachers should also associate with them in such work.

In 1958, the then Prime Minister Pandit Jawaharlal Nehru in his letter to the Chief Ministers mooted the idea of having social service as a prerequisite for graduation. He further directed the Ministry of Education to formulate a suitable scheme for introduction of national service into the academic institutions.

In 1959, a draft outline of the scheme was placed before the Education Minister’s Conference.. The Conference suggested the appointment of a committee to work out details of the proposed pilot project. In pursuance of these recommendations, a National Service Committee was appointed under the Chairmanship of Dr. C.D. Deshmukh on August 28, 1959 to make concrete suggestions in this direction. The committee recommended that national service for a period of nine months to a year may be made compulsory for all students completing high school education and intending to enroll themselves in a college or a university. The scheme was to include some military training, social service, manual labour and general education.

In 1960, at the instance of the Government of India, Prof. K.G. Saiyidain studied national service by students implemented in several countries of the world and submitted his report under the title "National Service for the Youth. It was also recommended that social service camps should be open to students as well as non-students within the prescribed age group for better inter-relationship.

The Education Commission headed by Dr. D.S. Kothari (1964-66) recommended that students at all stages of education should be associated with some form of social service.

In April 1967 and they recommended that at the university stage, students could be permitted to join the National Cadet Corps (NCC) which was already in existence on a voluntary basis and an alternative to this could be offered to them in the form of a new programme called the National Service Scheme (NSS). Promising sportsmen, however, should be exempted from both and allowed to join another scheme calle4d the National Sports Organisation (NSO), in view of the need to give priority to the development of sports and athletics.

The Vice Chancellors' Conference in September, 1969 welcomed this recommendation and suggested that a special committee of Vice Chancellors could be set up to examine this question in detail. In the statement of national policy on education of the Government of India, it was laid down that work experience and national service should be an integral part of education.

On September 24, 1969, the then Union Education Minister Dr. V.K.R.V. Rao, launched the NSS programme in 37 universities **(Including Calicut University)** covering all States and simultaneously requested the Chief Ministers of States for their cooperation and help.

It was appropriate that the programme was started during the Gandhi Centenary Year as it was Gandhiji who inspired the Indian youth to participate in the movement for Indian independence and the social uplift of the downtrodden masses of our nation.

## History & Growth of National Service Scheme, Higher Secondary Education, Kerala

It was in 1990-91 there was formulated a common structure for the school education throughout the country. Kerala also became the part of 10+2+3 system of school education. As the part of the spread of higher secondary education throughout the state, the Pre-Degree course from colleges de-linked. The de-linking process of the Pre-Degree was completed during 2000-2001. This change was widely accepted by the society at large. From those days onwards Kerala school education found a new destiny and thriving vibration of the teens.

This move was the skelton of formation of National Service Scheme in the Higher Secondary sector. Indeed the formation was millstone from 1992-93 just only being familiar in **20 schools**. Then it was a huge growth and achievement for NSS. From 20 it grew up to 1002 units in the year of 1992-2016 respectively.

In 2010, Higher Secondary NSS found tremendous improvement in its path with the expertise advices & permission of Central Government (Advisory Board) on enacting new posts in the NSS Cell as project officer, Documentation Assistant etc. In addition to this Performance Assessment Committee (PAC) was made into act for each 10 units to supervise their future path by sincerely assessing their previous, present relevant activities.


The Model Residential Schools are run by Scheduled Tribal Department. In order to bring the Scheduled Tribe Students into mainstream National Service Scheme Units started in 8 MRS Schools in the year 2013 on cost sponsored Scheme. This was the key for introducing Self Financing NSS Unit (SFU) to kindle in the History of NSS in Kerala.

## NATIONAL SERVICE SCHEME

## NUMBER OF NSS UNITS

| District | Number of Schools (Grant in Aid) | Number of Schools(SFU ) | TOTAL |
|---|---|---|---|
| Thiruvananthapuram | 40 | 52 | 92 |
| Kollam | 47 | 53 | 100 |
| Pathanamthitta | 24 | 24 | 48 |
| Alappuzha | 38 | 37 | 75 |
| Kottayam | 36 | 46 | 82 |
| Ernakulam | 36 | 56 | 92 |
| Idukki | 22 | 27 | 49 |
| Thrissur | 38 | 50 | 88 |
| Palakkad | 31 | 40 | 71 |
| Malappuram | 59 | 97 | 156 |
| Kozhikode | 50 | 78 | 128 |
| Wayanad | 28 | 23 | 51 |
| Kannur | 48 | 62 | 110 |
| Kasaragod | 28 | 20 | 48 |
| Total | 525 | 665 | 1190 |

## ADMINISTRATIVE SET UP




**Programme Co-ordinator**

⇩

Regional Programme Convener **(RPC)**

⇩

District Programme Convener **(DPC)**

⇩

Performance Assessment Committee **(PAC)**

⇩

Unit Programme Officer 1190

⇩

Trained Unit leader 4760

India's first perfect Administration System, Each and every Unit level programme informed through Proper Channel

## 2018-19 ലെ ആക്ഷൻപ്ലാൻ
## എൻഎസ്എസ് പ്രവർത്തനങ്ങൾ 2018-19

### 1. എൻഎസ്എസ് ഗ്രാമം

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ഭാഗമായി ദത്ത് ഗ്രാമം (adopted village) എന്ന ആശയത്തിന് പ്രാധാന്യം നൽകി മാതൃകാ ഗ്രാമം സൃഷ്ടിക്കുന്നതിനു വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നു. ഈ പദ്ധതിയുടെ ലക്ഷ്യം എല്ലാവിധ ഭൗതിക സാഹചര്യങ്ങളുമുള്ള സ്വയം പര്യാപ്തമായ ഗ്രാമങ്ങളെ സൃഷ്ടിക്കുക എന്നതാണ്. എല്ലാ എൻഎസ്എസ് യൂണിറ്റുകൾക്കും ദത്തു ഗ്രാമം (adopted village) ഉണ്ടായിരിക്കണം. ഈ ഗ്രാമത്തിലാണ് സാമൂഹിക പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. കഴിഞ്ഞ വർഷത്തെ ദത്തുഗ്രാമത്തെയോ പുതിയ ഒരു വാർഡിനെയോ/കോളനിയോ/ഗ്രാമത്തെയോ എൻഎസ്എസ് ഗ്രാമമായി തെരഞ്ഞെടുക്കാം. ഈ ഗ്രാമങ്ങൾ മറ്റു ഗ്രാമങ്ങൾക്കു മാതൃകയായി മാറുകയും വേണം. മാസത്തിൽ കുറഞ്ഞത് ഒരു പരിപാടിയെങ്കിലും ദത്തുഗ്രാമത്തിൽ യൂണിറ്റ് നടപ്പിലാക്കി റിപ്പോർട്ട് നൽകേണ്ടതാണ്.

### 2. എൻഎസ്എസ് രജത ഭവനം

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ രജത ജൂബിലിയുടെ ഭാഗമായി ഭവന രഹിതരായ സഹപാഠികൾക്കു 150 ഭവനം നിർമ്മിക്കുന്നതിൽ 74 എണ്ണം പൂർത്തിയായി മറ്റുള്ളവയുടെ പണി പൂർത്തിയാക്കി വരുന്നു. 75-ാമത്തെ വീടിന്റെ താക്കോൽ വിതരണവും എൻഎസ്എസ് ഭവനാംഗങ്ങളുടെ സംഗമവും ജൂൺ മാസം അവസാന ആഴ്ചയിൽ തിരുവനന്തപുരത്ത് ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്താവുന്നതാണ്. ലൈഫ് മിഷന്റെ സാമ്പത്തിക സഹകരണത്തോടെ ഈ വർഷം കൂടുതൽ യൂണിറ്റുകൾ സഹപാഠികൾക്കു ഭവനം നിർമ്മിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുന്നു.

### 3. അക്ഷരദീപം വായനക്കൂട്ടം

കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കുക, അപഗ്രഥനശേഷി പരിപോഷിപ്പിക്കുക സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും ഗ്രന്ഥപ്പുര സംസ്ക്കാരികസമിതി എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരുന്ന പരിപാടി എൻഎസ്എസ് യൂണിറ്റിലെ വിദ്യാർത്ഥികളും അല്ലാത്ത വിദ്യാർത്ഥികളുമടങ്ങുന്ന വായനക്കൂട്ടങ്ങൾക്ക് സംസ്ഥാനത്തൊട്ടാകെ രൂപം നൽകി. പ്രസ്തുത വായനക്കൂട്ടത്തിന്റെ പ്രവർത്തനങ്ങളായി വാർത്താവലോകനം, പുസ്തക അവലോകനം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ വിജ്ഞാനകൈരളി സ്ഥിരമായി വായിച്ച് ചോദ്യങ്ങൾ തയ്യാറാക്കുക തുട

ങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തി വരുന്നു. തുടർപ്രവർത്തനങ്ങളായി പുസ്തകോത്സവങ്ങൾ നടത്തുക ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. യൂണിറ്റിന്റെ നേതൃത്വത്തിൽ അംഗങ്ങൾ പ്രാദേശിക ലൈബ്രറി അംഗത്വം നേടി അവിടെനിന്നും പുസ്തകങ്ങൾ വാങ്ങി വായിക്കുകയും ആസ്വാദന കുറിപ്പ് തയ്യാറാക്കുകയും കൂടുതൽ പുസ്തകം വായിക്കുന്ന വിദ്യാർത്ഥി കളെ അംഗീകരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക. ഒരു യൂണി റ്റിന് കുറഞ്ഞത് ഒരു ഓപ്പൺ ലൈബ്രറി സ്ഥാപിക്കാവുന്നതാണ്.

ദത്തുഗ്രാമത്തിലെ പ്രവർത്തിക്കുന്നതോ/പ്രവർത്തനം നിലച്ചുപോയതോ/പുതിയ തായി ആരംഭിക്കാൻ കഴിയുന്നതുമായ ഒരു വായനശാലയ്ക്ക് ആവശ്യമായ പുസ്ത കങ്ങൾ, മാഗസിനുകൾ തുടങ്ങിയവ ദത്തു ഗ്രാമത്തിലെ വീടുകളിൽ നിന്ന് ശേഖരിച്ച് നൽകാവുന്നതാണ്.

## 4. നമുക്കൊപ്പം (Helping hand to otherwise disabled)

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും National Career Service Center for Differntly Abled സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി. National Career Service Center for Differntly Abled ഭിന്നശേഷിക്കാർക്ക് ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു. ഭിന്നശേഷിക്കാരെ കണ്ടെത്താനും അവർക്കു ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് അറിവ് നൽകാനും National Career Service Center for Differntly Abled ഭിന്നശേഷിക്കാർക്ക് വേണ്ടി സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ അവരെ എത്തിക്കുകയും ക്യാമ്പ് നടത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുകയുമാണ് എൻഎസ്എസിന്റെ പ്രവർത്തനം. പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതി ഈ വർഷവും National Career Service Center for Differntly Abled ന്റെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## 5. പാഥേയം

എല്ലാ ഹയർ സെക്കണ്ടറി എൻഎസ്എസ് യൂണിറ്റുകളും മാസത്തിൽ ഒരു ദിവസമെങ്കിലും അവശത അനുഭവിക്കുന്നവർക്ക്(അനാഥാലയം, വൃദ്ധസദനം, ആശുപത്രികൾ, ഭിന്നശേഷിക്കാർ) ഒരു നേരത്തെ ഭക്ഷണം നൽകുന്ന പദ്ധതി. പ്രധാന ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## 6. സ്നേഹ സമ്മാനം

ഹയർ സെക്കണ്ടറി എൻഎസ്എസ് യൂണിറ്റുകൾ അംഗൻവാടികളുടെ കെട്ടിട നിർമ്മാണം, പുനരുദ്ധാരണ പ്രവർത്തനം, പരിസരം വൃത്തിയാക്കൽ, കളിസ്ഥലം ഒരുക്കൽ, കുഞ്ഞുക്കൾക്കാവശ്യമായ പഠന, കളി ഉപകരണങ്ങൾ സമ്മാനിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കു വേണ്ടി പണം പിരിക്കാൻ പാടില്ല. എന്നാൽ സാധന സാമഗ്രികൾ ശേഖരിക്കാവുന്നതാണ്.

ഇത്തരത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെടുന്ന എൻഎസ്എസ് യൂണിറ്റുകൾ പഞ്ചായത്തുകളെ സമീപിച്ച് വിവിധ ആനുകൂല്യങ്ങൾ നേടിയെടുത്ത് അംഗൻവാടി/നഴ്സറികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

## 7 ബാൽ സ്വച്ഛതാ മിഷൻ

സ്വച്ഛ് ഭാരതിന്റെ ഭാഗമായ ബാൽ സ്വച്ഛതാ മിഷൻ ഒക്ടോബർ 2 മുതൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ പൊതുസ്ഥലങ്ങൾ, വിദ്യാലയം എന്നിവിടങ്ങളിൽ നടപ്പിലാക്കേണ്ടതാണ്. സ്വച്ഛ് ഭാരതിന്റെ ഭാഗമായി എൻഎസ്എസ് യൂണിറ്റുകളിൽ നടപ്പിലാക്കുന്ന പദ്ധതി. ദത്തു ഗ്രാമത്തെ മാലിന്യമുക്തമാക്കാൻ വേണ്ടി പ്രദേശവാസികളുടെയും ശുചിത്വ മിഷന്റെയും സഹകരണത്തോടെവിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

## 8. പാലിയേറ്റീവ് കെയർ

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം എല്ലാ യൂണിറ്റുകളിലുമായി നടപ്പിലാക്കുന്ന ആരോഗ്യമേഖലയിലെ പ്രധാന പ്രവർത്തനമാണ് അവശത അനുഭവിക്കുന്ന ജനവിഭാഗത്തെ സംരക്ഷിക്കുക. പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് വോളണ്ടിയർമാരെ ഗ്രൂപ്പുകളായി തിരിച്ച് ദത്തുഗ്രാമത്തിൽ അവശത അനുഭവിക്കുന്നതും ഒറ്റപ്പെട്ടു ജീവിക്കുന്ന സഹായം ആവശ്യമുള്ളതുമായ ജനവിഭാഗത്തെ കണ്ടെത്തി അവരെ സാധാരണ ജീവിതത്തിലേക്ക് നയിക്കാൻ സഹായിക്കാം.

- ഭവന സന്ദർശനം
- മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള വ്യക്തികളുടെ ആരോഗ്യവിവരങ്ങൾ അന്വേഷിക്കുക.
- മരുന്ന് ലഭ്യമാക്കുക
- ശുശ്രൂഷ നൽകുക

## 9.ഹരിതം (ഹരിതചട്ടം /ജൈവവൈവിധ്യ ഉദ്യാനം)(പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ)

1. <u>ഓർമ്മ മരം</u>

2018ലെ പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട് പ്ലാവും മാവുകളുമുൾപ്പെടെയുള്ള ഫലവൃക്ഷങ്ങൾ ക്യാമ്പസുകളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന പരിപാടി.ഇതിന്റെ ഭാഗമായി ഒരു വിദ്യാർത്ഥി പത്തു വൃക്ഷതൈ എന്ന ക്രമത്തിൽ പ്ലാസ്റ്റിക് കവർ ഒഴിവാക്കി തയ്യാറാക്കുന്നു.ഇത്തരത്തിൽ സംസ്ഥാനത്ത് അഞ്ചുലക്ഷത്തിൽ പരം ഫല വൃക്ഷത്തൈകൾ തയ്യാറാക്കി വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തും ദത്തു ഗ്രാമത്തിലും ക്യാമ്പസിലുമായി നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്ന പരിപാടി.

2. ജല സ്രോതസ്സുകൾ, പുഴകൾ, കനാലുകൾ, കുളങ്ങൾ എന്നിവ സംരക്ഷിയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാം. മുള, രാമച്ചം, കൈത,കണ്ടൽച്ചെടികൾ തുടങ്ങിയവ ജലസ്രോതസ്സുകളുടെ സമീപം വച്ചുപിടിപ്പിയ്ക്കാവുന്നതാണ്. കോട്ടയം ജില്ല കേന്ദ്രീകരിച്ച് നടക്കുന്ന ഹരിത സാക്ഷരത പ്രവർത്തനം കൂടുതൽ ശക്തമാക്കാവുന്നതാണ്.

3. മഴക്കുഴി നിർമ്മാണം, കിണർ റീചാർജ്ജിംഗ്,പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം, കമ്പോസ്റ്റ് നിർമ്മാണം

സർക്കാരിന്റെ നവകേരള മിഷനുമായി ചേർന്നുകൊണ്ട് ശുചിത്വ സന്ദേശം വിദ്യാർത്ഥികളിലൂടെ സമൂഹത്തിലേയ്ക്ക് വ്യാപിപ്പിക്കുന്ന പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാനതലത്തിൽ പ്രോഗ്രാം ഓഫീസർമാർക്ക് അവബോധ ക്ലാസുകൾ സംഘടിപ്പിക്കുകയും തുടർന്ന് ക്യാമ്പസുകളിലേയ്ക്കും ദത്തുഗ്രാമങ്ങളിലേയ്ക്കും ശുചിത്വത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവൽക്കരണവും തുടർപ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതാണ്.

## 10. <u>കാവലാൾ (ലഹരി വിരുദ്ധ പ്രചാരണം സ്കൂൾ ദത്തുഗ്രാമം തുടങ്ങിയ സ്ഥലങ്ങളിൽ)</u>

മദ്യത്തിനും മയക്കുമരുന്നിനും എതിരെ ഹ്രസ്വ ചിത്രങ്ങളിലൂടെ ജനങ്ങൾക്ക്/ സമൂഹത്തിന് ബോധവൽക്കരണ പ്രവർത്തനം നടപ്പിലാക്കുക. വിദ്യാലയത്തിലെ എൻഎസ്എസ് വോളണ്ടിയർമാരുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ പോസ്റ്റർ പ്രദർശനം, റാലി, തെരുവുനാടകം എന്നിവ സംഘടിപ്പിക്കാം. എക്സൈസ് ഡിപ്പാർട്ടുമെന്റ്, ആരോഗ്യവകുപ്പ്, പോലീസ് തുടങ്ങിയവരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. വിവിധ തരത്തിലുള്ള ബോധവൽക്കരണ പോസ്റ്ററുകൾ വിദ്യാലയത്തിൽ പ്രദർശിപ്പിക്കാം.

## 11. സുഭിക്ഷം(കൃഷിക്കൂട്ടം)

സുഭിക്ഷം പദ്ധതി ലക്ഷ്യമിടുന്നത് കാർഷിക സംസ്കാരം വിദ്യാർത്ഥികളിലൂടെ തിരികെ കൊണ്ടു വരുകയും ഭക്ഷ്യ സുരക്ഷയുമാണ്.പരമ്പരാഗത രീതിയിലുള്ള കൃഷിരീതി വിദ്യാർത്ഥി സമൂഹത്തിൽ ആവേശം ജനിപ്പിയ്ക്കുന്നതാണ്. സ്കൂളിലും ദത്തുഗ്രാമത്തിലും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. ദേശീയ ഉത്സവമായ ഓണത്തിനും/ക്രിസ്മസ് ഒഴിവിലെ സ്പെഷ്യൽ ക്യാമ്പിനും വോളണ്ടിയർമാരുടെ ക്യാമ്പസിൽ കൃഷി ചെയ്ത കാർഷിക ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതാണ്.

വിഷരഹിത പച്ചക്കറികളുടെ സന്ദേശം കേരത്തിലാകെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യാപകമായി ജൈവ പച്ചക്കറിത്തോട്ടങ്ങൾ നട്ടുപിടിപ്പിക്കുന്ന പരിപാടി ഡിസംബർ മാസത്തെ സ്പെഷ്യൽ ക്യാമ്പിന്റെ സമയത്ത് എല്ലാ യൂണിറ്റുകളും നടപ്പിലാക്കേണ്ടതാണ്. ഒരു യൂണിറ്റ് കുറഞ്ഞത് വീടുകളിൽ വിഷരഹിത പച്ചക്കറിയുടെ സന്ദശം പ്രചരിപ്പിക്കുകയും വീട്ടുകാരുടെ 25 സഹകരണത്തോടെ അടുക്കളത്തോട്ടങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതിലൂടെ 29750 വിഷരഹിത അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കാം.

## 12. സാക്ഷരത/ കമ്പ്യൂട്ടർ സാക്ഷരത/നിയമസാക്ഷരത

ദത്തു ഗ്രാമത്തിലെ സർവ്വേയുടെ ഭാഗമായി കണ്ടെത്തുന്ന നിരക്ഷരരായ വ്യക്തികൾക്ക് സാക്ഷരതാ മിഷന്റെ സഹായത്തോടെ സാക്ഷരതാ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. അക്ഷയാ കേന്ദ്രത്തിന്റെ സഹായത്തോടെ കമ്പ്യൂട്ടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

ഈ പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റുകളും സംഘടിപ്പിക്കേണ്ടതും ജില്ലയുടെ സാഹചര്യമനുസരിച്ച് ചില പദ്ധതികൾ മാറ്റം വരുത്താൻ അനുവദിക്കുന്നതാണ് . റോഡു സുരക്ഷാ, ബാലാവകാശ നിയമം,വിദ്യാർത്ഥികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം,സ്ത്രീസുരക്ഷ ,സൈബർ നിയമം, വിവിധ നിയമങ്ങളെക്കുറിച്ച് ഭരണഘടനയെക്കുറിച്ചും വിദ്യാർത്ഥികൾക്കും സമൂഹത്തിനും അറിവു നൽകേണ്ടതാണ്. അതിന്റെ ആദ്യപടിയായി പോലീസ് ഓഫീസർമാർ, അഡ്വക്കേറ്റ്, നിയമം കൈകാര്യം ചെയ്യുന്ന മറ്റു വ്യക്തികൾ എന്നിവരുടെ സേവനം എൻഎസ് എസ് വോളണ്ടിയർമാർക്ക് ലഭ്യമാക്കുകയും സംശയങ്ങൾക്കതീതമായി എൻഎസ് എസ് വോളണ്ടിയർമാർക്ക് ഇവരിലൂടെ അറിവു പകർന്നു നൽകുകയും വേണം. ഡിസംബർ 10ാം തീയതി ലോക മനുഷ്യാവകാശ ദിനത്തിൽ ടി മേഖലയിൽ യൂണിറ്റുകൾ പ്രത്യേകമായി പരിപാടികൾ നടപ്പിലാക്കണം.

## 13. ഗിരിദീപം

മുൻ വർഷത്തിൽ പത്തനംതിട്ട ജില്ല, തനതായി ആസൂത്രണം ചെയ്ത് വിജയിപ്പിച്ച പരിപാടി. ആദിവാസി മേഖല കേന്ദ്രീകരിച്ച് വീടുനിർമ്മാണം, ബദൽ സ്കൂൾ നിർമ്മാണം, ലഹരി വിരുദ്ധ ബോധവൽക്കരണം മറ്റു ബോധവൽക്കരണ പ്രവർത്തനങ്ങൾ ശൗചാലയ നിർമ്മാണം, സാക്ഷരതാ പ്രവർത്തനങ്ങൾ, പഠനോപകരണങ്ങൾ വിതരണം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. കൊല്ലം, പത്തനംതിട്ട, വയനാട്, തിരുവനന്തപുരം ജില്ലകളിൽ കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങളിൽ മറ്റു ജില്ലകളിൽ നിന്നും പങ്കാളിത്തം ഉണ്ടാകേണ്ടതാണ്.

## 14. സ്നേഹസ്പർശം (വയോജന പരിപാലനം)

വയോജന പരിപാലനം നടത്തുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവിടെ താമസിക്കുന്ന മുതിർന്ന പൗരൻമാരോടൊത്ത് സമയം ചെലവഴിക്കുകയും , വോളണ്ടിയർമാരെ ഗ്രൂപ്പുകളായി തിരിച്ച് വൃദ്ധസദനത്തിലെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യാവുന്നതാണ്. അവിടെ താമസിക്കുന്ന മുതിർന്ന പൗരൻമാരുടെ അറിവുകൾ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാവുന്നതാണ്. എൻഎസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു പൂന്തോട്ടം നിർമ്മിച്ചു നൽകുന്നത് ഉത്തമമായിരിക്കും.

## 15. ആരോഗ്യരംഗം (രക്ത ദാനം)

### a രക്തദാന മെഗാ ഡയറക്ടറി

2017 – 18 ൽ ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഒരു വോളണ്ടിയർ രണ്ടു രക്തദാതാക്കളെ വീതം ഉൾപ്പെടുത്തി ഓരോ യൂണിറ്റുതലത്തിൽ ക്രോഡീകരിച്ച് ജില്ലാതല ഡയറക്ടറി തയ്യാറാക്കിയിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കിയ രക്തദാന മെഗാ ഡയറക്ടറി വെബ്സൈറ്റിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ വർഷം മുതൽ എല്ലാ വോളണ്ടിയർമാരും 18 വയസ്സ് തികയുമ്പോൾ ഈ രക്തദാന സേനയിൽ അംഗങ്ങളാകാൻ വേണ്ട പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റും നടപ്പിലാക്കേണ്ടതാണ്.

സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, അവയവദാന ബോധവൽക്കരണം, രക്തദാന ക്യാമ്പ്, സൗജന്യ ജീവിതശൈലീരോഗ നിർണ്ണയ ക്യാമ്പ്, ജങ്ക് ഫുഡിനെതിരെയുള്ള ബോധവൽക്കരണം, ശുദ്ധവും സമീകൃതവുമായ ആഹാരം ശീലമാക്കുന്നതിനും യോഗ, വ്യായാമം എന്നിവ നിത്യജീവിതത്തിൽ സ്വീകരിക്കുക എന്നിവ

**b കൊതുകു നിർമ്മാർജ്ജനം**

എല്ലാ ഹയർ സെക്കണ്ടറി എൻഎസ്എസ് യൂണിറ്റുകളും ഡെങ്കിപ്പനിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. കൊതുകു നിർമ്മാർജ്ജനം, ഗപ്പി മീനുകളെ വിതരണം ചെയ്യുക, ഓടകളിലും വെള്ളം ഒഴുകുന്ന സ്ഥലങ്ങളിലും (കൊതുകുകൾ മുട്ടയിടാൻ സാധ്യതയുള്ള സ്ഥലങ്ങളിലും) ഗപ്പി മീനുകളെ നിക്ഷേപിക്കുക എന്നിവ.

**c ജീവിതശൈലീ രോഗപ്രതിരോധ ബോധവൽക്കരണ പരിപാടി**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ എല്ലാ എൻഎസ്എസ് യൂണിറ്റുകളും നവംബർ 14ന് രാവിലെ ആഗോള പ്രമേഹനടത്തം 2018 സംഘടിപ്പിക്കേണ്ടതാണ്.

പരിപാടിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. എൻഎസ്എസ് വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ മറ്റ് വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷകർത്താക്കളെയും യുവജനങ്ങളെയും ആഗോള പ്രമേഹനടത്തം 2018 പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണ്.
2. സമൂഹത്തിലെ ജനപ്രതിനിധികൾ/പ്രമുഖ വ്യക്തികൾ എന്നിവരെ ഈ സംരഭത്തിലേക്ക് ക്ഷണിക്കുകയും റാലിയിൽ പങ്കെടുപ്പിക്കുകയും വേണം.
3. ജീവിതശൈലി രോഗങ്ങൾക്കെതിരെ "**ആഗോള പ്രമേഹനടത്തം 2018**" റാലിയിൽ ഉപയോഗിക്കുന്നതിനാവശ്യമായ പ്ലക്കാർഡ്, ചിത്രങ്ങൾ, സ്ലോഗൺ, കാർട്ടൂൺ എന്നിവ യൂണിറ്റ് തലത്തിൽ തയ്യാറാക്കാം.
4. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ചേർന്ന് ചർച്ചകൾ/സെമിനാർ/ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാം.
5. Exhibition/Competition തുടങ്ങിയവ പരിപാടിയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കാവുന്നതാണ്.

**d പുനർജ്ജനിഅവയവ ദാന ബോധവൽക്കരണ പരിപാടി**

ഓരോ യൂണിറ്റും തങ്ങളുടെ ദത്തു ഗ്രാമത്തിലെയും സ്കൂൾ പരിസരങ്ങളിലെയും രണ്ട് വ്യക്തികളെ കൊണ്ട് അവയവം ദാനം ചെയ്യിപ്പിക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. അതിനുവേണ്ടി വ്യാപകമായി ഊർജിതമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നട ത്തണം. അവയവദാന പ്രോഗ്രാം 'പുനർ**ജ്ജ**നി' എന്ന് നാമകരണം ചെയ്തിരിക്കു ന്നു. നേത്രദാനത്തിന് പ്രത്യേക പ്രാധാന്യം നൽകി ഈ വർഷം ഈ പരിപാടി നടപ്പി

ലാക്കേണ്ടതാണ്. ഒരു ദിവസം പരമാവധി ആളുകളെ കൊണ്ട് നേത്രദാനം നടത്തി ഈ രംഗത്ത് ശ്രദ്ധേയമാകുന്ന പരിപാടിയ്ക്ക് രൂപം നൽകണം.

## 16. സമദർശൻ(സ്ത്രീ സുരക്ഷ)

സ്ത്രീകളുടെ സുരക്ഷിതത്വമില്ലായ്മ, അവർക്കെതിരെയുള്ള ഉപദ്രവം എന്നിവ കേരളസമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. മേൽപറഞ്ഞ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് ഹയർസെക്കന്ററി എൻഎസ്എസ് സ്ത്രീസുരക്ഷയ്ക്ക് പ്രാമുഖ്യം നൽകാൻ തീരുമാനിച്ചത്. കേരളത്തിന്റേതടക്കമുള്ള പരിഷ്കൃത സമൂഹങ്ങളിൽ പോലും സ്ത്രീ പുരുഷ വിവേചനം നിലനിൽക്കുന്നു എന്ന തിരിച്ചറിവ് വിദ്യാർത്ഥികളിൽ നൽകുക, ലിംഗേതര സൗഹൃദങ്ങൾക്കുള്ള സാദ്ധ്യത ക്യാമ്പസുകളിൽ വളർത്തുക, സഹവർത്തിത്വ മനോഭാവ വിദ്യാർത്ഥികളിൽ ഉണ്ടാക്കുക, സ്വാതന്ത്ര്യം എന്നാൽ അരാജകത്വമല്ലെന്നും സ്വാശ്രയത്വവും ഉത്തരവാദിത്തവും ലക്ഷ്യബോധവും കൂടിയാണെന്നുള്ള ധാരണ വിദ്യാർത്ഥികളിൽ ഉണ്ടാക്കുക, ട്രാൻസ് ജെൻഡറുകളുടെ ശാസ്ത്രീയ സാമൂഹ്യമാനങ്ങൾ തിരിച്ചറിയുക, ലൈംഗികത സംബന്ധിച്ച തെറ്റിദ്ധാരണകളും അശാസ്ത്രീയതകളും ആരോഗ്യപരമായി മറികടക്കുക മുതലായവ ടി പ്രവർത്തനം കൊണ്ട് ലക്ഷ്യമിടുന്നു. കൗമാര കാലഘട്ടം ജീവിതത്തിലെ ഏറ്റവും ചലനാത്മകമായ കാലഘട്ടമായതുകൊണ്ട് ഈ കാലഘട്ടത്തിൽ പുരോഗമനപരമായ ആശയങ്ങൾ അവരിൽ എത്തിക്കേണ്ടതും അത്തരം  കാഴ്ചപ്പാടും ആശയങ്ങളുമുള്ള വ്യക്തിത്വങ്ങളായി അവരെവളർത്തിയെടുക്കേണ്ടതുമുണ്ട്.

## 17. ഗാന്ധി ശതോത്തര സുവർണ്ണ ജൂബിലി

ഗാന്ധിജിയുടെ നൂറ്റിയൻപതാം ജന്മവാർഷികം സംസ്ഥാനത്താകെ സംഘടിപ്പിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാന പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ, ഗാന്ധിയൻ ആശയങ്ങളുടെ പ്രചാരണം, ഗാന്ധി സ്മൃതി സംഗമം, ഗാന്ധി സ്മൃതി യാത്ര, ഗാന്ധി ചിത്ര പ്രദർശനം, ക്യാമ്പസുകൾ കേന്ദ്രീകരിച്ച് ഗാന്ധി ചിത്രം, ഗാന്ധിയൻ വചനങ്ങൾ എന്നിവയുടെ സ്ഥാപനം എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

## 18. ഭാരത യാത്ര

നമ്മുടെ ഭാരതം വ്യത്യസ്തങ്ങളുടെ നാടാണ്.  വ്യത്യസ്ത ജാതി, മത, വർണ്ണ, വർഗ്ഗ, ദേശ വ്യത്യാസങ്ങളാണ് നമ്മുടെ രാജ്യത്തിന്റെ പ്രത്യേകത.  നാനാത്വത്തിൽ ഏകത്വം

എന്ന തത്വത്തിൽ അധിഷ്ഠിതമായ ദേശീയത വിദ്യാർത്ഥികളിൽ ഊട്ടി ഉറപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഇതിനായി ദേശീയ പാരമ്പര്യം ഉയർത്തുന്ന വിവിധ സ്ഥലങ്ങളിൽ എൻഎസ്എസ് വോളണ്ടിയർമാർ സന്ദർശിക്കുന്നു. യുവജനങ്ങളിൽ യഥാർത്ഥ ദേശീയബോധം ഉയർത്താൻ ഭാരതയാത്ര ലക്ഷ്യമിടുന്നു. ഇതിലൂടെ നമ്മുടെ സംസ്ക്കാരം മറ്റുള്ളവരിലേയ്ക്ക് എത്തിക്കുക എന്നതും ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 40 വോളണ്ടിയർമാർക്ക് ഭാരതത്തിന്റെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്നു.

**യൂണിറ്റുകൾ ഏറ്റെടുക്കേണ്ട പരിപാടികളുടെ മുൻഗണന**

## Mandatory

1. എൻഎസ്എസ് ഗ്രാമം
2. അക്ഷരദീപം
3. ഹരിതം (ഹരിതചട്ടം/ജൈവവൈവിധ്യ ഉദ്യാനം)
4. ആരോഗ്യരംഗം(രക്തദാനം)
5. സമദർശൻ(സ്ത്രീ സുരക്ഷ)
6. കാവലാൾ
7. സ്വച്ഛ് ഭാരത് ( ബാൽ സ്വച്ഛത മിഷൻ)

## Optional ( Any three from below)

1. എൻഎസ്എസ് ഭവനം
2. നമുക്കൊപ്പം
3. പാഥേയം
4. ആരോഗ്യരംഗം( പാലിയേറ്റീവ്, അവയവദാനം, നേത്രദാനം)
5. സാക്ഷരത/കമ്പ്യൂട്ടർ സാക്ഷരത/നിയമ സാക്ഷരത

6. സ്നേഹ സ്പർശം

7. സ്നേഹ സമ്മാനം

8. ഗിരിദീപം

## Special Programmes

1. ഗാന്ധിജി ശതോത്തര സുവർണ്ണ ജൂബിലി

2. ഭാരതയാത്ര

### ഒന്നാം വർഷ വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

ഒന്നാം വർഷത്തിൽ (+1) പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കുമായി പൊതു ശിക്ഷണം (ജനറൽ ഓറിയന്റേഷൻ) നൽകണം.

- എൻഎസ്എസിന്റെ വിവിധ പ്രവർത്തനങ്ങൾ,
- എൻഎസ്എസ് എന്ന സംഘടനയുടെ വിദ്യാഭ്യാസത്തിലുള്ള പ്രസക്തി
- വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടം തുടങ്ങിയവ

1. ജനറൽ ഓറിയേന്റഷനു ശേഷം താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ മാതൃക നൽകേണ്ടതാണ്. **ജനറൽ ഓറിയന്റേഷൻ വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസർ ആണ് നിർവ്വഹിക്കേണ്ടത്. (ജനറൽ ഓറിയന്റേഷൻ നൽകാൻ കഴി യാത്ത സാഹചര്യമാണെങ്കിൽ ട്രെയിനിങ്ങ് ലഭിച്ച അടുത്തുള്ള വിദ്യാലയ ത്തിലെ പ്രോഗ്രാം ഓഫീസറുടെ സേവനം ലഭ്യമാക്കാവുന്നതാണ്.)**
2. വിദ്യാർത്ഥികൾ രക്ഷകർത്താവിനോട് അനുവാദം വാങ്ങിയ ശേഷമേ പൂരിപ്പിച്ച അപേക്ഷ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുള്ളൂ.
3. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുല്യ പരിഗണന നൽകണം.
4. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളുടെയും പേര്/ക്ലാസ്സ്/ രക്ഷകർത്താവിന്റെ പേര് എന്നിവ എൻഎസ്എസ് നോട്ടീസ് ബോർഡിലും, വിദ്യാലയത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.
5. ഓരോ യൂണിറ്റും/പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. യൂണി റ്റുതലത്തിൽ വോളണ്ടിയർമാരെ തിരഞ്ഞെടുക്കുന്നതിന് ഉപയോഗിക്കുന്ന മാനദണ്ഡം യൂണിറ്റിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന പ്രവർത്തനത്തിനുള്ള താൽപ്പര്യവും ആഭിമുഖ്യവും കണക്കിലെടുത്ത് തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എൻറോൾമെന്റ് ചെയ്യുന്നതിന് തൊട്ടുമുൻപുള്ള 15 ദിവസത്തെ അവരുടെ

പ്രവർത്തനം വിലയിരുത്തി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലായിരിക്കണം വോളണ്ടിയർമാരെ തെരഞ്ഞെടുക്കേണ്ടത്.

6. പ്രോഗ്രാം ഓഫീസർമാർ പ്രിൻസിപ്പൽ/മറ്റ് അധ്യാപകരുടെ സേവനം വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പിൽ ഉപയുക്തമാക്കാവുന്നതാണ്. എന്നാൽ തെരഞ്ഞെടുപ്പിന്റെ യൂണിറ്റ്തല ചുമതലയും/ഉത്തരവാദിത്വവും പൂർണ്ണമായും പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്.
7. പ്രോഗ്രാം ഓഫീസർമാർ വിവേചനം കൂടാതെ സത്യസന്ധമായി, നീതിയുക്തമായി തെരഞ്ഞെടുപ്പ് നടത്തണം.
8. വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് വേളയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപരിഗണന നൽകണം.
9. **സയൻസ്/കോമേഴ്സ്/ഹ്യുമാനിറ്റിക്സ് ബാച്ചുകൾക്ക് തുല്യ പരിഗണന നൽകണം.** (വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ എൻറോൾമെന്റ് ലിസ്റ്റ് വകുപ്പ് തലത്തിൽ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.)
10. SC/ST,OBC/Minority/Girls എന്നിവരെ എൻഎസ്എസിൽ ചേരുവാൻ പ്രോത്സാഹനം നൽകണം. സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകളിൽ എസ് സി/എസ്റ്റി വിദ്യാർത്ഥികളിൽ നിന്നും കഴിയുന്നതും ഫണ്ട് ഈടാക്കാത്ത രീതി യിൽ പിടിഎ ഫണ്ട്/സിഎസ്ആർ ഫണ്ട്/മറ്റു സർക്കാർ/പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.
11. എൻറോൾമെന്റ് പൂർത്തിയാകുന്നതിനു മുമ്പായി അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ **രക്ഷകർത്താക്കളുടെ മീറ്റിങ്ങ്** വിളിച്ച് എൻഎസ്എസ് പ്രവർത്തനങ്ങൾ വിവരിക്കണം. ഒന്നാം വർഷവും രണ്ടാം വർഷവും 120 മണിക്കൂർ വീതം റെഗുലർ ആക്റ്റിവിറ്റിയിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ എൻഎസ്എസ് സർട്ടിഫിക്കറ്റും ഗ്രേയ്സ് മാർക്കും ലഭിക്കുകയുള്ളൂവെന്നും, റെഗുലർ ആക്റ്റിവിറ്റിയുടെ ഭാഗമായി 70 മണിക്കൂർ ക്യാമ്പസിനു പുറത്ത് സാമൂഹ്യസേവനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്നും അറിയിക്കേണ്ടതാണ്. അവരുടെ സഹായം വിവിധതലത്തിൽ ആവശ്യപ്പെടാം. **പെർഫോർമ 4** രക്ഷകർത്താക്കൾക്ക് നൽകുകയും പൂരിപ്പിച്ച് വാങ്ങി യൂണിറ്റിൽ സൂക്ഷിക്കേണ്ടതും പരിശോധനാവേളയിൽ ആവശ്യപ്പെടുകയാണെങ്കിൽ നൽകേണ്ടതുമാണ്.
12. സ്പെഷ്യൽ ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായി **വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും** അറിവ് നൽകണം.
13. തെരഞ്ഞെടുക്കപ്പെട്ട 50 വോളണ്ടിയേഴ്സിന്റെ ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണം. **വെയിറ്റിങ്ങ് ലിസ്റ്റ് പാടില്ല.**

14. തെരഞ്ഞെടുപ്പ് പൂർത്തിയായാൽ മാത്രമേ എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുവാൻ പാടുള്ളൂ. എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നതിന് എസ്എസ്എൽസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങി കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
15. യൂണിറ്റ് തല സ്പെസിഫിക് ഓറിയന്റേഷൻ നടത്തുന്നതിനായി ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അതാത് പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങളെ (PAC)ബന്ധപ്പെടേണ്ടതാണ്. പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് മാത്രമേ സ്പെസിഫിക് ഓറിയന്റേഷന്റെ ചുമതല നൽകിയിട്ടുള്ളൂ. സ്പെസിഫിക്ക് ഓറിയന്റേഷൻ ജൂലൈ 20 ന് ആരംഭിക്കുകയും ആഗസ്റ്റ് 20 ന് അവസാനിപ്പിക്കുകയും ചെയ്യണം.
16. എൻറോൾമെന്റ് പൂർത്തിയായാൽ യൂണിറ്റ് തലത്തിൽ 2 (M+F) വോളണ്ടിയേഴ്സ് ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. തികച്ചും നേതൃത്വപാടവം ഉള്ളവരെ മാത്രമേ ഇതിനായി പരിഗണിക്കാവൂ. അതോടൊപ്പം 5 സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും 5 ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും വേണം. യൂണിറ്റ് തലത്തിൽ തിരഞ്ഞെടുക്കുന്ന രണ്ടു ലീഡർമാരെ ആണ് എൻഎസ്എസ് സെൽ നടത്തുന്ന ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. പകരം ആരെയും അനുവദിക്കുന്നതല്ല.
17. യൂണിറ്റ്തല Advisory Committee വിളിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കാം.
18. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും വോളന്റിയർമാർ ലീഡറുടെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും ചർച്ച ചെയ്യുകയും വേണം.
19. **വാരാവസാന പ്രവൃത്തി ദിനത്തിലും സാധാരണ ദിവസങ്ങളിൽ പഠന സമയത്തിനു ശേഷവും യൂണിറ്റ്തല പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.**

### <u>സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾ</u>

**ഒന്നാം വർഷം വോളണ്ടിയർമാരിൽ നിന്നും റെഗുലർ ആക്ടിവിറ്റി/സ്പെഷ്യൽ ക്യാമ്പ് ഫണ്ടായി 700 രൂപയും രണ്ടാം വർഷ വോളണ്ടിയർമാരിൽ നിന്നും റെഗുലർ ആക്ടിവിറ്റി ഫണ്ടായി 250 രൂപയും മാത്രമേ വാങ്ങാൻ പാടുള്ളൂ.**

### <u>എൻ.എസ്.എസ്. വോളണ്ടിയർ</u>

വോളണ്ടിയറായി തിരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർത്ഥി രണ്ടു വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് 240 മണിക്കൂർ (ഓരോ വർഷവും 120 മണിക്കൂർ വീതം) സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. ഇതിന് പുറമെ ഒരു സപ്തദിന ക്യാമ്പിലും നിർബന്ധമായും പങ്കെടുക്കണം. ഒരു വർഷത്തെ 120 മണിക്കൂർ പ്രവർത്തനങ്ങളിൽ 20 മണിക്കൂർ വിവിധ

പരിശീലനങ്ങൾക്കും (പൊതു ശിക്ഷണം 2 മണിക്കൂർ, പ്രത്യേക ശിക്ഷണം 8 മണിക്കൂർ, വ്യക്തിത്വ വികസന പരിശീലനം 10 മണിക്കൂർ), 30 മണിക്കൂർ സ്കൂളിലെ സേവന പ്രവർത്തനങ്ങൾക്കും, 70 മണിക്കുർ പുറമേയുള്ള സാമൂഹ്യപ്രവർത്തനങ്ങൾക്കുമായി വളണ്ടിയേഴ്സ് വിനിയോഗിക്കേണ്ടതാണ്.

## എൻഎസ്എസ് പ്രവർത്തനം

- Regular Activities (120 hours)
  - Orientation 20 hours
  - Campus work 30 hours
  - Community Work 70 hours
- Special Camping Programme (7 days' Residential Camp)

### *റെഗുലർ ആക്ടിവിറ്റി*

വിദ്യാലയവും വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സാമൂഹിക- പാരിസ്ഥിതിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ശ്രമിക്കുന്നു.

എൻഎസ്എസ് സാമൂഹിക സേവനം അല്ല വിദ്യാഭ്യാസ പ്രവർത്തനം ആണ്. എൻഎസ്എസിൽ ചേരുന്ന വോളണ്ടിയർമാർക്ക് വ്യക്തിത്വ വികസനത്തിന് ആവശ്യമായ മാർഗ്ഗമാണ് സാമൂഹിക സേവന പ്രവർത്തനം. കേവലം ശ്രോതാവിൽ നിന്നും സമൂഹത്തിന്റെ ഉള്ളറകളിൽ ഇറങ്ങിച്ചെന്ന് ജനങ്ങളോടൊപ്പം പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥിക്കുണ്ടാകുന്ന മാറ്റമാണ് എൻഎസ്എസിന്റെ പ്രധാന ലക്ഷ്യം. ആ മാറ്റത്തിനു വേണ്ടി വോളണ്ടിയർ സമൂഹത്തിന് നൽകിയ മാതൃകാപരമായ പ്രവർത്തനം ആ സമൂഹത്തിന്റെ ഉന്നമനത്തിനു സഹായകമാണെങ്കിൽ കലാലയവും സമൂഹവും തമ്മിലുള്ള ബന്ധം അനുപൂരകങ്ങളാണ്. അതിനാൽ കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾക്ക് വളരെ പ്രാധാന്യം അർഹിക്കുന്നു.

റെഗുലർ ആക്ടിവിറ്റിയുടെ ഭാഗമായി മാത്രമേ സർവ്വേ സംഘടിപ്പിയ്ക്കാൻ പാടുള്ളൂ. സ്പെഷ്യൽ ക്യാമ്പ് പ്രവർത്തനങ്ങൾകൊണ്ട് സംപുഷ്ടമാക്കേണ്ടതും വിദ്യാർത്ഥി വ്യക്തിത്വ വികസനം സാധ്യമാക്കേണ്ട ഏറ്റവും നല്ല അവസരമാണ് ഒരുക്കി തരുന്നത്.

## ദൈനംദിന പ്രവർത്തനങ്ങൾ

### ഓറിയന്റേഷൻ

ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി 20 മണിക്കൂർ വോളണ്ടിയർമാർക്കായി ഓറിയന്റേഷൻ നൽകേണ്ടതാണ്. ഓറിയന്റേഷനിൽ പ്രധാനമായി ശ്രദ്ധിക്കേണ്ടത് എൻഎസ്എസിന്റെ അടിസ്ഥാനതത്ത്വങ്ങൾ, ചർച്ചകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, വിവിധ

സാമൂഹിക പ്രശ്നങ്ങൾ, എൻഎസ്എസിന്റെ ആശയവുമായി കോർത്തിണക്കുന്ന ക്ലാസ്സുകൾ എന്നിവയാണ്.

### ക്യാമ്പസ് വർക്ക്

ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി 30 മണിക്കൂർ വോളണ്ടിയർമാർ വിദ്യാലയത്തിനകത്ത് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിയ്ക്ക് എൻഎസ്എസ് വോളണ്ടിയർമാർ വിദ്യാലയത്തിനകത്തുള്ള പ്രവർത്തനങ്ങളിലൂടെ സഹായകമാകേണ്ടതാണ്. ഉദാ: പൂന്തോട്ട നിർമ്മാണം, വൃക്ഷതൈകൾ വിദ്യാലയ പരിസരത്ത് നടൽ, പരിസര ശുചീകരണം, ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ

### സാമൂഹിക പ്രവർത്തനം

ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി 70 മണിക്കൂർ വോളണ്ടിയർമാർ ദത്തു ഗ്രാമത്തിൽ, സമൂഹത്തിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

## സപ്തദിന ക്യാമ്പുകൾ

ഒരു വോളണ്ടിയർ ആദ്യവർഷം തന്നെ തുടർച്ചയായ ഏഴുദിവസങ്ങൾ നീണ്ടു നിൽക്കുന്ന പ്രത്യേക ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. താമസവും, ഭക്ഷണവും, ക്യാമ്പിൽ തന്നെയായിരിക്കണം എന്നത് നിർബന്ധമാണ്. സപ്തദിന ക്യാമ്പിലെ പൂർണ്ണമായ പങ്കാളിത്തം എൻ.എസ്.എസ്.സർട്ടിഫിക്കറ്റും, ഗ്രേയ്സ് മാർക്കും ലഭിക്കുന്നതിന് ആവശ്യമാണ്. സാമൂഹ്യ പ്രസക്തിയുള്ളതും, പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതുമായ പദ്ധതികൾക്കു വേണം സപ്തദിന ക്യാമ്പുകൾ മുൻഗണന നൽകാൻ കൗമാര പ്രായക്കാരുടെ സഹജവാസനകളായ കൂട്ടുകൂടൽ, സാഹസികത, അംഗീകരിക്കപ്പെടൽ, അറിയാനുള്ള അവസരം, ലീഡറാകാനുള്ള താത്പര്യം എന്നിവ പരിഗണിച്ച് വിവിധ കലാ- കായിക പ്രവർത്തനങ്ങൾ ക്യാമ്പിൽ ചിട്ടപ്പെടുത്താവുന്നതാണ്. ലളിത ജീവിതവും, മൂല്യബോധവും പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന പ്രവർത്തന ശൈലിയാണ് ക്യാമ്പുകളിൽ അനുവർത്തിക്കേണ്ടത്. എൻ.എസ്.എസ്.ചിഹ്നം പ്രതിനിധാനം ചെയ്യുന്നതുപോലെ, വളണ്ടിയർമാരുടെ സാമൂഹിക ഇടപെടൽ കൊണ്ട് സമൂഹത്തിനും ചലനാത്മകമായ ഗുണഫലം പ്രസരിക്കുന്നതിന് ഉചിതമാവണം സപ്തദിന ക്യാമ്പുകൾ.

## എൻ.എസ്.എസ്. സംഘടനാ സംവിധാനം

കേന്ദ്ര സർക്കാരിന്റെ സ്പോർട്സ് യുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസിന് കേരളത്തിന്റേയും ലക്ഷദ്വീപിന്റെയും ചുമതലയുള്ള ഒരു റീജ്യനൽ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നുണ്ട്. കേരള സർക്കാരിന്റെ എൻ.എസ്.എസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്, സ്റ്റേറ്റ് എൻ.എസ്.എസ് സെൽ പ്രവർത്തിക്കുന്നു. കേരളത്തിലെ യൂണിവേഴ്സിറ്റികളുടേയും ഡയറക്ടറേറ്റുകളുടെയും പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നത് സ്റ്റേറ്റ് എൻ.എസ്.എസ് സെൽ ആണ്.

ഹയർ സെക്കന്ററി ഡയറക്ടറേറ്റ് തലത്തിൽ ഒരു പ്രോഗ്രാം കോ-ഓർഡിനേറ്ററും ഭരണ സൗകര്യത്തിനായി മേഖലാ പ്രോഗ്രാം കൺവീനർമാരും ജില്ലാ പ്രോഗ്രാം കൺവീനർമാരും പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി (PAC) അംഗങ്ങളും പ്രവർത്തിക്കുന്നു. യൂണിറ്റ് തലത്തിൽ പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ പ്രോഗ്രാം ഓഫീസർമാർ ചുമതലകൾ നിർവ്വഹിക്കുന്നു. പ്രോഗ്രാം ഓഫീസർമാർക്കുള്ള ട്രെയിനിംഗ് കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന എംപാനൽഡ് ട്രെയിനിങ്ങ് ഇൻസിറ്റിറ്റ്യൂട്ട് (ഇ.റ്റി.ഐ) നൽകി വരുന്നു.

## എൻഎസ്എസ് പ്രവർത്തനങ്ങളുടെ വിവര ശേഖരണം (Documentation & Reporting of NSS activities)

യൂണിറ്റുതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ 10 എൻഎസ്എസ് യൂണിറ്റിന്റെ ചാർജ്ജുള്ള പിഎസി അംഗത്തെ കൃത്യമായ ഇടവേളകളിൽ അറിയിയ്ക്കുകയും പിഎസി അംഗം ജില്ലാ പ്രോഗ്രാം കൺവീനർ മുഖാന്തിരം ഓരോ മാസവും റിപ്പോർട്ട് എൻഎസ്എസ് സെല്ലിൽ അറിയിക്കുകയും ചെയ്യുന്നു.

യൂണിറ്റുതലത്തിലുള്ള പ്രവർത്തനങ്ങൾ ഹയർ സെക്കണ്ടറി എൻഎസ്എസിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യാൻ വേണ്ട സൗകര്യം ഉണ്ട്.

എൻഎസ്എസ് സെല്ലിൽ നിന്നും യൂണിറ്റുകളെ അറിയിയ്ക്കേണ്ട നിർദ്ദേശങ്ങൾ വിവരങ്ങൾ പരിപാടികൾ എന്നിവ ഹയർ സെക്കണ്ടറി പോർട്ടൽ മുഖാന്തിരവും, വെബ്സൈറ്റ് മുഖാന്തിരവും വാട്സ് ആപ്പ് മുഖാന്തിരവും അറിയിയ്ക്കുന്നു.

എൻഎസ്എസ് സെല്ലിൽ ലഭിക്കുന്ന യൂണിറ്റ്/പിഎസി/ ജില്ലാ/മേഖലാ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് എൻഎസ്എസ് സ്റ്റേറ്റ് സെല്ലിലേയ്ക്കും റീജണൽ ഡയറക്ടറേറ്റിലേയ്ക്കും കൃത്യമായി നൽകാറുണ്ട്.

## എൻഎസ്എസ് യൂണിറ്റുകൾ പ്രവർത്തനങ്ങൾ/വിലയിരുത്തൽ

എൻഎസ്എസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പിഎസി അംഗങ്ങൾ കൃത്യമായി വിലയിരുത്തുകയും ജില്ലാ കൺവീനർമാരെ അറിയിയ്ക്കുകയും ചെയ്യുന്നു. യൂണിറ്റുകൾക്ക് ഓറിയന്റേഷൻ നൽകുന്നത് പിഎസി അംഗങ്ങളാണ്. സ്പെഷ്യൽ ക്യാമ്പിനും അന്തർജില്ലാ സന്ദർശന വേളയിലും യൂണിറ്റുകളുടെ പ്രവർത്തനത്തെ വിലയിരുത്തി പിഎസി അംഗങ്ങൾ എൻഎസ്എസ് സെല്ലിൽ റിപ്പോർട്ട് സമർപ്പിയ്ക്കുന്നു.

എൻഎസ്എസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ അന്തർജില്ലാ പിഎസി അംഗങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ വിവരങ്ങൾ എൻഎസ്എസ് സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

പിഎസി വിലയിരുത്തൽ എൻഎസ്എസ് യൂണിറ്റുകളുടെ രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## മോണിറ്ററിംഗ്

യൂണിറ്റുകളെ പിഎസി അംഗങ്ങൾ മുഖാന്തിരം കൃത്യമായി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതോടൊപ്പം പിഎസി അംഗങ്ങൾ/ജില്ലാ പ്രോഗ്രാം കൺവീനർ സ്പെഷ്യൽ ക്യാമ്പുകൾ സന്ദർശിയ്ക്കുകയും എൻഎസ്എസ് സെൽ നൽകുന്ന സ്പെഷ്യൽ ക്യാമ്പ് വിലയിരുത്തൽ രേഖയുടെ അടിസ്ഥാനത്തിൽ വിലയിരുത്തി റിപ്പോർട്ട് സമർപ്പിയ്ക്കാറുണ്ട്. അതോടൊപ്പം എൻഎസ്എസ് സർട്ടിഫിക്കറ്റിനുള്ള യോഗ്യത നിർണ്ണയിക്കുന്നതിനായി അന്തർ ജില്ലാ സന്ദർശന സമയത്ത് ഒരു വർഷത്തെ പ്രവർത്തനങ്ങൾ യൂണിറ്റിലെ രേഖകൾ, പരിപാടികൾ, വോളണ്ടിയർമാരോട് സംവദിച്ച് മനസ്സിലാക്കുന്ന വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ എൻഎസ്എസ് സെൽ നൽകുന്ന ഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തി ജില്ലാതലത്തിൽ ക്രോഡീകരിച്ച് എൻഎസ്എസ് സെല്ലിന് നൽകി വരുന്നു. 2018-19 ലെ സപ്തദിന ക്യാമ്പ് ഹയർ സെക്കണ്ടറി ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർമാർ, റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, റീജണൽ ഡയറക്ടർ, സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ, എൻഎസ്എസ് ട്രെയിനിങ്ങ് കോഡിനേറ്റർ, എൻഎസ്എസ് പ്രോഗ്രാം കോഡിനേറ്റർ, എൻഎസ്എസ് സെല്ലിലെ ഉദ്യോഗസ്ഥർ, RPC,DC, PAC അംഗങ്ങൾ എന്നിവർ സന്ദർശിക്കുന്നതാണ്.

## രജത ജൂബിലി സമാപനം

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ രജത ജൂബിലിയുടെ സമാപ സമ്മേളനത്തിന്റെഭാഗമായി ഹയർ സെക്കണ്ടറി എൻഎസ്എസുമായി മുൻവർഷങ്ങളിൽ പ്രവർത്തിച്ചിരുന്ന ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർമാർമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർമാർ, റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, റീജണൽ ഡയറക്ടർ, സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ, പ്രോഗ്രാം കോഡിനേറ്റർമാർ, പ്രോജക്ട് ഓഫീസർമാർ, അധ്യാപകരെയും വോളണ്ടിയർമാരുടെയും വിപുലമായ ഒരു യോഗം നടത്തുന്നതാണ്.

## വോളണ്ടിയർ വിദ്യാലയമാറ്റം

*എൻഎസ്എസ് വോളണ്ടിയർ ഒന്നാം വർഷം ഒരു വിദ്യാലയത്തിൽ പഠിക്കുകയും രണ്ടാം വർഷം വിദ്യാലയമാറ്റത്തിന് അപേക്ഷിച്ച് മറ്റൊരു വിദ്യാലയത്തിലേക്ക് പോയാൽ പഠിച്ചിരുന്ന വിദ്യാലയത്തിന്റെ എൻറോൾമെന്റ് രജിസ്റ്റർ, റെഗുലർ & സ്പെഷ്യൽ ക്യാമ്പ് രജിസ്റ്റർ അത് അടയാളപ്പെടുത്തുകയും വേണം. കൂടാതെ പഠിച്ചിരുന്ന വിദ്യാലയത്തിലെ പ്രിൻസിപ്പൽ ഒന്നാം വർഷം 120 മണിക്കൂർ റെഗുലർ വർക്ക് പൂർത്തീകരിക്കുകയും സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുത്തു എന്നുമുള്ള കത്ത് സ്പെഷ്യൽ ക്യാമ്പ്, റെഗുലർ ആക്ടിവിറ്റി & എൻറോൾമെന്റ് രജിസ്റ്റർ അറ്റസ്റ്റഡ് കോപ്പി, വർക്ക് ഡയറി (വോളണ്ടിയർ) പ്രോഗ്രാം ഓഫീസറും പ്രിൻസിപ്പലും സൈൻ ചെയ്ത് പുതിയ വിദ്യാലയത്തിലെ പ്രിൻസിപ്പലിന് നൽകണം. ആ വിദ്യാലയത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വോളണ്ടിയർമാരോടൊപ്പം രണ്ടാം വർഷം പ്രവർത്തിക്കാം. പകരം വോളണ്ടിയർമാരെ ചേർക്കാൻ പാടില്ല.*

## പ്രോഗ്രാം ഓഫീസർ

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളിൽ ഒരു പ്രോഗ്രാം ഓഫീസറെ നിയമിച്ചാൽ 3 വർഷം പൂർത്തിയാക്കിയിട്ടാണ് പുതിയ പ്രോഗ്രാം ഓഫീസറെ നിയമിയ്ക്കേണ്ടത്. സേവന സന്നദ്ധതയും മികച്ച പ്രവർത്തനവുമുള്ള പ്രോഗ്രാം ഓഫീസർമാർക്ക് ഒരു വർഷം കൂടി പ്രവർത്തിയ്ക്കണമെങ്കിൽ പ്രിൻസിപ്പൽ എൻഎസ്എസ് സെല്ലിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ആയി ചാർജ്ജ് ഏറ്റെടുത്താൽ 3 വർഷമാണ് സാധാരണ കാലാവധി (ട്രാൻസ്ഫർ ഒഴികെ). എന്നാൽ ചില യൂണിറ്റുകളിൽ ഒരു വർഷത്തേയ്ക്ക് പ്രോഗ്രാം ഓഫീസറെ നിയമിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രോഗ്രാം ഓഫീസർമാരെ തെരഞ്ഞെടുക്കുമ്പോൾ 3 വർഷം പ്രവർത്തിയ്ക്കാമെന്ന് പ്രിൻസിപ്പൽമാർ എഴുതി വാങ്ങി സൂക്ഷിയ്ക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർക്ക് മൂന്നു വർഷത്തിനുള്ളിൽ ഇറ്റിഐ ട്രെയിനിങ്ങ് നിർബന്ധമാണ്.

***പ്രിൻസിപ്പലിന്റെയും പ്രോഗ്രാം ഓഫീസറുടെയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ട് എൻഎസ്എസ് പ്രവർത്തനങ്ങൾക്ക് മാത്രമായി ഉണ്ടായിരിക്കേണ്ടതാണ്. ദേശസാൽകൃത ബാങ്കിലായിരിക്കണം അക്കൗണ്ട് തുടങ്ങേണ്ടത്.***

**കമ്മ്യൂണിക്കേഷൻ സിസ്റ്റം**

വെബ്സൈറ്റ് മുഖേന പ്രവർത്തനങ്ങൾ അപ്ലോഡ് ചെയ്യണം. (www.dhsenss.kerala.gov.in ) email id – dhsensskerala@gmail.com